തൊഴിൽരഹിതരുടെ വർദ്ധനവ്

33 [1352] *ശ്രീ. എം. എം. വാഹീദ്:* താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കഴിഞ്ഞ വർഷം സംസ്ഥാനത്തെ തൊഴിൽരഹിതരിലുണ്ടായ വർദ്ധനവിന്റെ കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം 31-3-2004-ൽ 36,38,864-ഉം 31-3-2005-ൽ 37,23,836-ഉം ആണ്. അതായത് കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ 84,972 പേരുടെ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുവാൻ സാദ്ധ്യതയില്ലാത്തതിനാൽ സംസ്ഥാനത്തെ തൊഴിൽരഹിതരുടെ വ്യക്തമായ കണക്കാണ് ഇതെന്നു പറയാനാവില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ദീർഘകാലമായിട്ടും തൊഴിൽ ലഭിക്കാത്തവർ

34 [1353] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് 25 വർഷം കഴിഞ്ഞിട്ടും ജോലി ലഭിക്കാത്തവർ എത്ര;

(ബി) ഓരോ എക്സ്ചേഞ്ചുകളിലേയും ഇപ്രകാരമുള്ള ഉദ്യോഗാർത്ഥികളുടെ കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇവർക്ക് പ്രത്യേക പരിഗണന നൽകി സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകളിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50 വയസ്സുകഴിഞ്ഞ ജോലി ലഭിക്കാത്തവർ എത്ര;

(ഇ) ഓരോ എക്സ്ചേഞ്ചുകളിലും ഇത്തരത്തിലുള്ള സ്ത്രീ-പുരുഷ ഉദ്യോഗാർത്ഥികളുടെ കണക്ക് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly